I നഹാസ് മാള

# വീടുകളെ നാം ശവപ്പറമ്പാക്കരുത്

عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ ﷺ قَالَ : لاَ تَجْعَلُوا بُيُوتَكُمْ مَقَابِرَ إِنَّ الشَّيْطَانَ يَنْفِرُ مِنَ الْبَيْتِ الَّذِي تُقْرَأُ فِيهِ سُورَةُ الْبَقَرَةِ

**അബൂഹുറയ്‌റ(റ)യിൽ നിന്ന് നിവേദനം. പ്രവാചകൻ പറഞ്ഞു: "നിങ്ങളുടെ വീടുകളെ നിങ്ങൾ ശവപ്പറമ്പുകളാക്കരുത്. തീർച്ചയായും സൂറത്തുൽ ബഖറ പാരായണം ചെയ്യപ്പെടുന്ന വീട്ടിൽ നിന്ന് പിശാച് വിരണ്ടോടും"** (മുസ്‌ലിം).

**കുടുംബത്തിൽ** സന്തോഷം ജനിക്കുന്നതിന്റെയും അസ്വസ്ഥതകൾ ഉടലെടുക്കുന്നതിന്റെയും അടിസ്ഥാനങ്ങൾ ചികയുകയാണ് ഈ ഹദീസ്. ദൈവസ്മരണ അന്യമായ ഒരു വീട്ടിൽ പൈശാചിക സഹവാസം കടന്നുവരുന്നതിനെ കുറിച്ചുള്ള ഗുരുതരമായ ഓർമപ്പെടുത്തൽ കൂടിയാണിത്.

"നിങ്ങളുടെ വീടുകളിൽ നാം ശാന്തി നിറച്ചിരിക്കുന്നു"(*അന്നഹ്ൽ* 80) എന്ന ഖുർആനിക വാക്യം സമാധാനത്തിന്റെ ഉറവിടത്തെ കുറിച്ച സൂചനയാണ് നൽകുന്നത്. ഒരു കൊച്ചു കുരുവിക്ക് അതിന്റെ കൂട്ടിൽ ലഭിക്കുന്ന സ്വസ്ഥത പോലും തന്റെ മണിമാളികയിൽ ഒരുക്കാൻ കഴിയാത്ത മനുഷ്യന് കുറെ ചിന്തിക്കാൻ വകയുണ്ട് ഈ വാക്യത്തിൽ.

നന്മയുടെ സകല സാധ്യതകളെയും ആവിഷ്കരിക്കുന്നതാവണം ഒരു മുസ്‌ലിം ഭവനം. ഐഛിക നമസ്കാരങ്ങൾക്കും ഖുർആൻ പാരായണത്തിനുമായി പ്രത്യേകം സമയങ്ങളും സന്ദർഭങ്ങളും വീടുകളിൽ ബോധപൂർവം ഓരോ ഗൃഹനാഥനും തരപ്പെടുത്തണം. പ്രവാചകൻ പറഞ്ഞു: "ഹേ ജനങ്ങളേ, നിങ്ങളുടെ നമസ്കാരങ്ങളിൽ ചിലത് നിങ്ങളുടെ വീടുകളിലാക്കുക. കാരണം, നിർബന്ധ നമസ്കാരങ്ങളൊഴികെ ഒരു വ്യക്തി നിർവഹിക്കുന്ന എല്ലാ നമസ്കാരങ്ങളും വീടുകളിൽ വെച്ചാവുന്നതാണ് ഏറ്റവും ശ്രേഷ്ഠം" (ബുഖാരി, മുസ്‌ലിം).

ദൈവസ്മരണ നിലനിൽക്കുന്നതും ഇല്ലാത്തതുമായ വീടുകൾക്ക് ജീവനുള്ളതിന്റെയും ചത്തതിന്റെയും ഉദാഹരണമാണ് പ്രവാചകൻ നൽകിയത്. 'ശവപ്പറമ്പുകൾ കണക്കെ വീടുകളെ ആക്കി മാറ്റരുത്' എന്ന പ്രവാചക നിർദ്ദേശം അതിഗൗരവത്തോടെ കാണേണ്ടതാണ്. തഖ്‌വയുടെ അടിത്തറയിൽ ഉയർത്തപ്പെട്ട ഭവനത്തെ കുറിച്ച പരാമർശം വിശുദ്ധ ഖുർആനിൽ കാണാം. ഓരോ വിശ്വാസിയുടെ വീടും തഖ്‌വയിലും നന്മയിലുമാണ് പണിതുയർത്തപ്പെടേണ്ടത്. ദൈവപ്രീതി നേടിത്തരും വിധം വീടിനെ സജ്ജീകരിക്കാനും സംവിധാനിക്കാനും ഓരോ വിശ്വാസിയും ശ്രമിക്കേണ്ടതുണ്ട്.

അലിയ്യുബ്നു അബീത്വാലിബിന്റെ(റ) വാക്കുകൾ കാണുക: "ഈ ലോകത്ത് പണിതുയർത്തുന്ന വീടുകൾ തന്നെയാകും ഒരാൾക്ക് പരലോകത്തും നൽകപ്പെടുക. നന്മയുടെ ഭവനം നന്മയായും തിന്മയുടേത് തിന്മയായും തിരിച്ചു നൽകപ്പെടും. അതിനാൽ ദുനിയാവിൽ നന്മയുടെ ഭവനം പണിതുയർത്താത്തവൻ പരലോക സൗഖ്യം പ്രതീക്ഷിക്കുകയേ വേണ്ട."

സ്വഭവനത്തെ പിശാചിന്റെ താവളമാക്കാൻ അനുവദിക്കരുത്. പിശാചിനെ ആട്ടിപ്പായിക്കാനുള്ള മാർഗമാണ് ഖുർആൻ പാരായണം. ദൗർഭാഗ്യവശാൽ റമദാൻ ഒഴികെയുള്ള മാസങ്ങളിൽ ഖുർആൻ തൊട്ടുനോക്കാൻ പോലും പലർക്കും കഴിയുന്നില്ലെന്നുള്ളതാണ് വസ്തുത. മാതാപിതാക്കളും മക്കളും രാത്രി നിന്ന് നമസ്കരിക്കുകയും ഖുർആൻ പാരായണം നടത്തുകയും ചെയ്യുന്ന വീടിന്റെ അന്തരീക്ഷം ഒന്നുവേറെ തന്നെയായിരിക്കും.

വീടിന്റെ പുറംമോടിയിലല്ല, ആത്മീയ ഭാവത്തിലും ദൈവപ്രീതിയിലുമാണ് നന്മ കുടികൊള്ളുന്നതെന്ന് മനസ്സിലാക്കേണ്ടതുണ്ട്. അൽപനേരം വിശ്രമിക്കാനായി ഇടംകിട്ടിയ ഈ ദുനിയാവിൽ കാലാകാലം സുഖിക്കാൻ ഒരാൾക്കുമാകില്ല. വിശ്രമ സ്ഥലത്തെ പോലും യഥാർഥ ലക്ഷ്യത്തിലേക്ക് നയിക്കുന്ന തരത്തിൽ പാകപ്പെടുത്തിയെടുക്കാൻ ശ്രദ്ധിക്കുന്നവനാണ് വിശ്വാസി.

താബിഈ ആയ ഫുദൈലിന്റെ(റ) വാക്കുകൾ കാണുക: "എന്റെ വീട്ടിലെ ഓരോ അനക്കം പോലും ഞാൻ പരിശോധനക്ക് വിധേയമാക്കും. വീട്ടിൽ ഒരു എലി കയറിയാൽ പോലും അതിന് പിന്നിൽ ഒരു ദൈവിക പരീക്ഷണത്തെ ഞാൻ കാണും. എന്റെ മകൻ എന്റെ വാക്കുകൾ ധിക്കരിച്ചാൽ, കയർത്തു സംസാരിച്ചാൽ.... എല്ലാറ്റിലും ഞാൻ ദൈവിക പരീക്ഷണത്തെ കാണും."

സ്വന്തം വീടിനെ കൂടി പരീക്ഷണോപാധിയായി കാണാൻ നാം ശീലിക്കുക. ■